പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1676 — 14.07.2016-ൽ മറുപടിയ്ക്ക്

## വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

**ചോദ്യം**
ശ്രീ.ജി.എസ്.ജയലാൽ

**ഉത്തരം**
ശ്രീ..കടകംപള്ളി സുരേന്ദ്രൻ
വൈദ്യുതിയും ദേവസ്വവും വകുപ്പമന്ത്രി

| | | | |
|---|---|---|---|
| (എ) | വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ നിയമനത്തിന് അടിസ്ഥാനമാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | 2003-ലെ ഇലക്ട്രിസിറ്റി ആക്ട് 82-ാം വകുപ്പനുസരിച്ച് സംസ്ഥാന സർക്കാർ, പ്രസ്തുത നിയമത്തിലെ 85-ാം വകുപ്പു പ്രകാരം രൂപീകരിക്കപ്പെടുന്ന സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ചെയർമാനെയും 2 മെമ്പർമാരെയും നിയമിക്കുന്നു. പ്രസ്തുത നിയമത്തിൻെറ 84-ാം വകുപ്പിൽ നിഷ്കർഷിക്കുന്നതു പ്രകാരം എഞ്ചിനിയറിംഗ്, ധനകാര്യം, കോമേഴ്സ്, ഇക്കണോമിക്സ്, നിയമം, മാനേജ്മെന്റ് എന്നിവയിൽ ഏതെങ്കിലും വിഭാഗത്തിൽ പ്രാഗത്ഭ്യവും പ്രവർത്തന പരിചയവുമുള്ള വ്യക്തികളുടെ ഒരു പാനലാണ് ചെയർമാനായും മെമ്പ ർമാരായും നിയമിക്കുന്നതിനായി സെലക്ഷൻ ക മ്മിറ്റി ശുപാർശ ചെയ്യുന്നത്. ഹൈക്കോടതിയിൽ ജഡ്ജി ആയി സേവനം അനു ഷ്ഠിക്കുന്നതോ, അനു ഷ്ഠിച്ചിരുന്നതോ ആയ ഒരു വ്യക്തിയെ ചെയർമാനായി നിയമിക്കാവുന്നതാണ്. |
| (ബി) | ചെയർമാനും അംഗങ്ങൾക്കും നൽകുന്ന ശമ്പളം, അലവൻസ് എന്നിവയുടെ തസ്തിക തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ; | (ബി) | ഇപ്പോഴത്തെ ചെയർമാനും അംഗങ്ങൾക്കും നൽകുന്ന ശമ്പളം, അലവൻസ് എന്നിവയുടെ തസ്തിക തിരിച്ചുള്ള കണക്ക് താഴെചേർക്കുന്നു.<br><br>**ചെയർമാൻ**<br><br>ശമ്പളം - 80,000/- (ഇതിൽ നിന്നും പെൻഷൻ 40,000/- രൂപ കുറച്ച് ബാക്കി 40,000/- രൂപ)<br>ഡി.എ - 1,00,000/-(ശമ്പളത്തിന്റെ 125%)<br>(ഇതിൽ നിന്ന് ഡിയർനസ് റിലീഫ് |

| | | | |
|---|---|---|---|
| | | | 50,000/- രൂപ കുറച്ച് ബാക്കി രൂപ 50,000)<br>വീട്ടുവാടക അലവൻസ് - 24,000/- രൂപ<br>സിറ്റി കോപൻസേറ്ററി<br>അലവൻസ് (സിസിഎ) - 180/- രൂപ<br>മറ്റ് അലവൻസുകൾ<br>(Sumptuary allowance) – 12,000/- രൂപ<br>ആകെ 1,26,180/- രൂപ<br><br>മെമ്പർമാർ<br>(ഓരോരുത്തർക്കും)<br>ശമ്പളം - 75,420/- രൂപ (ഇതിൽ നിന്നും പെൻഷൻ കുറച്ച തുക)<br>ക്ഷാമബത്ത - 94,275/- രൂപ (ഇതിൽ നിന്നും ഡിയർനസ് റിലീഫ് കുറച്ച തുക)<br>വീട്ടുവാടക അലവൻസ് - 15,084/- രൂപ |
| (സി) | കമ്മീഷന്റെ ദൈനംദിന പ്രവർത്തങ്ങൾക്കുള്ള സാമ്പത്തിക സ്രോതസ്സ് എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി | ഇലക്ട്രിസിറ്റി ആക്ടിന്റെ 103-ാം വകുപ്പ് പ്രകാരം സർക്കാർ രൂപീകരിച്ചിട്ടുള്ള റഗുലേറ്ററി കമ്മീഷൻ ഫണ്ടിൽ നിന്നാണ് കമ്മീഷന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ചെലവ് നിർവ്വഹിക്കുന്നത്. ലൈസൻസ് ഫീ, പെറ്റിഷൻ ഫീ തുടങ്ങി കമ്മീഷന് ലഭിക്കുന്ന ഫീസിനങ്ങളുമാണ് റെഗുലേറ്ററി കമ്മീഷൻ ഫണ്ടിൽ ഉള്ളത്. |
| (ഡി) | വൈദ്യുത ബോർഡും കമ്മീഷനും തമ്മിൽ നിലവിൽ ഏതെങ്കിലും കേസ്സ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ഡി) | വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 14.11.2014ൽ പുറപ്പെടുവിച്ച KSERC (Terms and Conditions for Determination of Tariff) Regulation, 2014 ന്റെ നിയമസാധുത ചോദ്യം ചെയ്തുകൊണ്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ബഹു: കേരള ഹൈക്കോടതിയിൽ WP(c) No. 465/2015 ഫയൽ ചെയ്തിട്ടുണ്ട്. ഇലക്ട്രിസിറ്റി ആക്ട് 142-ാം വകുപ്പു പ്രകാരം കമമിഷൻ ചുമത്തിയ പിഴയ്ക്കെതിരെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് സമർപ്പിച്ച WP(c)No.26994-U/2010 ബഹു:കേരള ഹൈക്കോടതിയിൽ നിലവിലുണ്ട്<br>2014 ൽ കേരള സംസ്ഥാന വൈദ്യുതി |

| | | | |
|---|---|---|---|
| | | | റെഗുലേറ്ററി കമ്മിഷൻ പുറപ്പെടുവിച്ച വൈദ്യുതി താരിഫ് ഉത്തരവിന്മേൽ ബഹു. ഇലക്ട്രിസിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തര വിനെതിരെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ബഹു. സുപ്രീംകോടതിയിൽ സിവിൽ അപ്പീലുകൾ (നമ്പർ 5373/15 & 5374/15) ഫയൽ ചെയ്തിട്ടുണ്ട്. കമ്മിഷൻ പുറപ്പെടുവിച്ചിട്ടുള്ള 2014-15ലെ വൈദ്യുതി താരിഫ് ഉത്തരവിനെതിരെ അപ്പലെറ്റ് ട്രൈബ്യൂണൽ മുമ്പാകെ 96/2014 എന്ന നമ്പറായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. |
| (ഇ) | ബോർഡും കമ്മീഷനും തമ്മിൽ ഉടലെടുക്കുന്ന തർക്കങ്ങൾ, കോടതി നടപടികൾ എന്നിവയിൽ ഏതു വിധത്തിലാണ് ഇടപെടാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | തർക്കങ്ങൾക്ക് സമവായത്തിലൂടെയും കോടതി വ്യവഹാരങ്ങൾക്ക് അവയുടെ അന്തിമവിധിയുടെ സ്വതമായും നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ